പതിമൂന്നാം കേരള നിയമസഭ

ആറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 2259 18.12.2012 -ലെ മറുപടി

കുട്ടനാട്ടിലേക്ക് പുതിയ കെ.എസ്.ആർ.ടി.സി. ബസ് സർവ്വീസുകൾ

ചോദ്യം

ശ്രീ. തോമസ് ചാണ്ടി

ഉത്തരം

ശ്രീ. ആര്യാടൻ മുഹമ്മദ്
(ഊർജ്ജവും ഗതാഗതവും വകുപ്പു മന്ത്രി)

| | | | |
|---|---|---|---|
| (എ) | കെ.എസ്.ആർ.ടി.സി. യുടെ വിവിധ ഡിപ്പോകളിൽ നിന്നും കുട്ടനാട്ടിലേക്കുള്ള ഏതെല്ലാം പുതിയ സർവ്വീസുകൾക്കാണ് ഫീസിബിലിറ്റി ലഭ്യമാക്കി അപേക്ഷ സമർപ്പിച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ; | (എ) | ചങ്ങനാശ്ശേരി ഡിപ്പോയിൽ നിന്നും മങ്കൊമ്പ് ക്ഷേത്രം -ഗുരുവായൂർ സർവ്വീസിന്റെയും, ചങ്ങനാശ്ശേരി-ഊരുക്കരി, ചങ്ങനാശ്ശേരി-കായൽപ്പുറം പള്ളി എന്നിവയുടെയും എടത്വ-തായങ്കരി-പുളിങ്കുന്ന്, ആലപ്പുഴ-മങ്കൊമ്പ്-ചമ്പക്കുളം, കൈനക്കരി-വണ്ടാനം, ആലപ്പുഴ-ചെമ്പുപ്പുറം എന്നീ സർവ്വീസുകളുടെയും ഫീസിബിലിറ്റി റിപ്പോർട്ടുകൾ ലഭിച്ചിട്ടുണ്ട്. |
| (ബി) | കുട്ടനാട്ടിലേക്കു പുതിയ കെ.എസ്. ആർ.ടി.സി. സർവ്വീസുകൾ ആരംഭിക്കുന്നതിന് ആവശ്യമായ ബസുകൾ അനുവദിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ; | (ബി) | പുതിയ ഷെഡ്യൂളുകൾ അനുവദിക്കുന്ന മുറയ്ക്ക് പരിഗണിക്കുന്നതാണ്. |
| (സി) | എടത്വ ഡിപ്പോയുടെ ശോച്യാവസ്ഥ പരിഹരിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കുമോ? | (സി) | സേഫ് വുമൺ സേഫ് ട്രാവൽ പദ്ധതിയിൽപെടുത്തി വനിതാ യാത്രക്കാർക്കുള്ള ടോയ്‌ലറ്റ് സൗകര്യത്തോടുകൂടിയ വിശ്രമ കേന്ദ്രം നിർമ്മിക്കാൻ ഉദ്ദേശിച്ച് പലതവണ ടെൻഡർ നടപടി എടുത്തെങ്കിലും പ്രതികരണം ലഭിക്കാത്തതിനാൽ നിർമ്മാണം തുടങ്ങാൻ സാധിച്ചിട്ടില്ല. |

സെക്ഷൻ ഓഫീസർ